(സി) പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലാ കളക്ടർമാർ യോഗം കൂടി മണൽവില തീരുമാനിക്കുന്നു, പാലക്കാട് ജില്ലാ കളക്ടർ ആണ് കൺവീനർ. മണൽ വിലയിൽ നിന്ന് തൊഴിലാളികളുടെ വേതനം നീക്കി റോയൽറ്റിയും കഴിച്ച് ബാക്കി വരുന്ന തുകയുടെ 50% റിവർ മാനേജ്മെന്റ് കമ്മിറ്റിക്ക് ഭാരതപ്പുഴ സംരക്ഷണത്തിനായി നൽകുന്നു.

(ഡി) തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ 88,69,579/- രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(എഫ്) അനധികൃത മണൽ വാരൽ തടയുന്നതിനുള്ള സ്കാഡ് പ്രവർത്തനത്തിനായി 25,000/- രൂപയും പുഴയുടെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള സർവേജോലിക്കായി മുൻകൂറായി 25,000/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

147 (2246) കനാലുകളുടേയും, ജലാശയങ്ങളുടേയും സമീപത്ത് താമസിക്കുന്ന പട്ടയരഹിതർക്ക് സംരക്ഷണം

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുറമ്പോക്കുകളിലും മറ്റും താമസിക്കുന്ന കൈവശക്കാർക്ക് പട്ടയം നൽകുന്ന പദ്ധതിയിൽ നിന്നും കനാലുകളുടേയും ജലാശയങ്ങളുടേയും സമീപത്തു താമസിക്കുന്ന പട്ടയരഹിതരെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണം വിശദീകരിക്കുമോ;

(സി) എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടെങ്കിൽ, ഇവരുടെ ജീവിത ക്ലേശം കണക്കിലെടുത്ത് നിയമ തടസ്സം ഒഴിവാക്കി ഇവർക്ക് പട്ടയം നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) കായംകുളം മണ്ഡലത്തിൽ ഇപ്രകാരം പട്ടയം നൽകാതെ എത്ര അപേക്ഷകളാണ് മാറ്റിവച്ചിട്ടുള്ളത്; അവയുടെ എണ്ണം വില്ലേജുകളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് നൽകുമോ?

ഉത്തരം

(എ)&(ബി) കനാലുകളുടെയും, ജലാശയങ്ങളുടെയും സമീപത്തു കിടക്കുന്ന പുറമ്പോക്ക് ഭൂമി പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥ പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഈ ഭൂമിക്ക് പട്ടയം നൽകാൻ വ്യവസ്ഥയില്ല.

(സി) പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി വരുത്തിയെങ്കിൽ മാത്രമേ ഈ കാര്യം പരിഗണിക്കാൻ കഴിയൂ.

(ഡി) ആകെ 63 അപേക്ഷകളിൽ, പുതുപ്പള്ളി വില്ലേജിൽ 15-ഉം കൃഷ്ണപുരം വില്ലേജിൽ 48-ഉം അപേക്ഷകളാണ് ഉള്ളത്.

LIBRARY ARCHIVES Kerala Legislative Assembly